STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.289/PR/SPMC/PHQ/2026 Date:14.07.2026

## പത്രക്കുറിപ്പ്

### ഓപ്പറേഷൻ തൂഫാൻ: 116 പേർ അറസ്റ്റിൽ

### 110 കേസുകളെടുത്തു

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 116 പേർ അറസ്റ്റിലായി, 110 കേസുകൾ രജിസ്റ്റർ ചെയ്തു.

രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വെച്ചതിന് 38 കേസുകളും മീഡിയം ക്വാണ്ടിറ്റി കൈവശം വെച്ചതിന് മൂന്ന് കേസുകളും കൊമേർഷ്യൽ ക്വാണ്ടിറ്റി കൈവശം വെച്ചതിന് ഒരു കേസും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 68 കേസുകളും കോട്പ (COTPA) പ്രകാരം 41 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 495.766 ഗ്രാം എം.ഡി.എം.എയും 6.903 കി.ഗ്രാം കഞ്ചാവും 5 ഗ്രാം ഹാഷിഷ് ഓയിലും 0.2 ഗ്രാം ഹെറോയിനും പിടിച്ചെടുത്തു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ 6801 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആകെ 7306 അറസ്റ്റുകൾ നടന്നു. ഇതുവരെ പിടിച്ചെടുത്ത എം.ഡി.എം.എ 5146 ഗ്രാം. കഞ്ചാവ് 578 കി.ഗ്രാം.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ മാത്രം സംസ്ഥാനത്തുടനീളം കേരള പോലീസ് 101 ബോധവൽക്കരണ ക്ലാസുകൾ നടത്തി. ഇതുവരെ നടത്തിയ ആകെ ബോധവൽക്കരണ ക്ലാസ്സുകളുടെ എണ്ണം 7002 ഉം കൗൺസിലിങ്ങുകളുടെ എണ്ണം 342 ഉം ആണ്. സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആകെ 5460 ബോധവത്ക്കരണ പരിപാടികളും നടത്തി.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ

അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

**No.290/PR/SPMC/PHQ/2026** **Date:14.07.2026**

## തൊഴിലിടങ്ങൾ ലഹരിമുക്തമാക്കാൻ തൂഫാൻ ഷീൽഡ് 'പോഡാ ' :അഭ്യന്തരമന്ത്രി ഉദ്ഘാടനം ചെയ്തു.

തൊഴിലിടങ്ങളെ ലഹരിമുക്തമാക്കുന്നതിനും ജീവനക്കാരിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനുമായി ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തൂഫാൻ ഷീൽഡ് 'പോഡാ' (PODA Prevention of Drug Abuse) പദ്ധതി ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. 'പോഡാ' എന്ന എച്ച്.ആർ. അധിഷ്ഠിത ലഹരിവിരുദ്ധ നയത്തിന്റെ ലക്ഷ്യം തൊഴിലിടങ്ങളെ ലഹരിമുക്തമാക്കുക, ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുക, സ്ഥാപനങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെ കർശന നയം നടപ്പാക്കുക എന്നിവയാണ്.

യുവതലമുറയെ ലഹരിയിൽ നിന്ന് രക്ഷിക്കുന്നതിനായി നാട് ആവശ്യപ്പെടുന്ന ഏറ്റവും വലിയ ദൗത്യമാണ് ഓപ്പറേഷൻ തൂഫാനിലൂടെ നടപ്പാക്കുന്നതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. കേരളത്തിലെ ജനങ്ങൾ ഇതിനകം തന്നെ തൂഫാനെ ഏറ്റെടുത്തു കഴിഞ്ഞു. അമ്മമാരും സഹോദരിമാരുമാണ് പദ്ധതിയുടെ ഏറ്റവും വലിയ പ്രചാരകർ. ലഹരിക്ക് അടിമപ്പെട്ടവരെ ശിക്ഷിക്കുക മാത്രമല്ല, അവരെ ലഹരിമുക്തരാക്കി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി രമേശ് ചെന്നിത്തല വ്യക്തമാക്കി. ലഹരിമാഫിയയെ പ്രതിരോധിക്കുന്നതോടൊപ്പം സമൂഹം തന്നെ 'തൂഫാൻ വാറിയേഴ്സ്' ആയി മുന്നോട്ട് വരേണ്ട സമയമാണിതെന്നും അദ്ദേഹം പറഞ്ഞു.

കേരളമെമ്പാടുമുള്ള ആശുപത്രികൾ 'തൂഫാൻ കെയർ' പദ്ധതിയുടെ ഭാഗമാകുകയാണെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ലഹരിക്കടത്ത് തടയാൻ കൈകോർക്കാൻ തീരുമാനിച്ചു.

ഡോക്ടറുടെ കുറിപ്പടിയില്ലാതെ ലഹരിസ്വഭാവമുള്ള മരുന്നുകൾ വിൽക്കുന്നത് അനുവദിക്കില്ലെന്നും മെഡിക്കൽ ഷോപ്പുകളിൽ പരിശോധനയും നിരീക്ഷണവും കൂടുതൽ കർശനമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ലഹരിമുക്തരായി സമൂഹത്തിലേക്ക് തിരിച്ചുവരുന്നവരുടെ പുനരധിവാസവും സാമൂഹിക പിന്തുണയും ലഹരിവിരുദ്ധ പോരാട്ടത്തിന്റെ അവിഭാജ്യ ഘടകമാണെന്നും മന്ത്രി ഓർമ്മിപ്പിച്ചു.

**<u>ഫോട്ടോ ക്യാപ്ഷൻ</u>**

കോട്ടയം കാരിത്താസ് ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായുള്ള തൂഫാൻ ഷീൽഡ് പ്രിവൻഷൻ ഓഫ് ഡ്രഗ് അബ്യൂസിന്റെ (പോഡാ) ഉദ്ഘാടനവും ലോഗോ പ്രകാശനവും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കുന്നു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ്

മീഡിയ സെൻറർ

*********************************************************


TOOFAN
CARITAS
OPERATION
TOOFAN
SHIELD
Project
PODA
Prevention Of Drug Abuse


TOOFAN
SHIELD
ഓപ്പറേഷൻ
തൂഫാൻ
മധ്യതിരുവിതാംകൂർ
മേഖല ഉദ്ഘാടനം
CARiTAS


Shri. Ramesh Chennithala
OPERATION
TOOFAN